**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ശമ്പള പരിഷ്കരണം 2019 - ആരോഗ്യ വകുപ്പ് - ഹോണററി നേഴ്സിംഗ് സിസ്റ്റേഴ്സിന് അനുവദിച്ചു നൽകുന്ന പ്രതിമാസ ഫിക്സഡ് പേ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്**

**സ.ഉ(കൈ)നം.148/2024/(71)/ധന** **തിരുവനന്തപുരം, തീയതി, 01.11.2024**

---

പരാമർശം - 1. സ.ഉ (അ) നം.27/2021/ധന. തീയതി 10.02.2021

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.02.2024, 18.07.2024 എന്നീ തീയതികളിലെ ഇ.എച്ച് 1/23738/2023/ആ.വ.ഡ നമ്പർ കത്തുകൾ

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും, ശമ്പളവും അലവൻസുകളും 01.07.2019 മുതൽ പരിഷ്കരിച്ച് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1) സർക്കാർ ഉത്തരവിൽ ആരോഗ്യ വകുപ്പിലെ ഹോണററി നേഴ്സിംഗ് സിസ്റ്റേഴ്സിന് പ്രതിമാസം 11100/- രൂപ ഫിക്സഡ് പേ അനുവദിച്ചു നൽകിയിരുന്നു. ഹോണററി നേഴ്സിംഗ് സിസ്റ്റേഴ്സിന് പ്രതിമാസം അനുവദിച്ചു നൽകി വരുന്ന ഫിക്സഡ് പേ വർദ്ധിപ്പിച്ചു നൽകണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

2) സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹോണററി നേഴ്സിംഗ് സിസ്റ്റേഴ്സിന് പ്രതിമാസം അനുവദിച്ചു നൽകുന്ന ഫിക്സഡ് പേ **19650/-** രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശം(1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്. മേൽ ഉത്തരവിന്റെ സാമ്പത്തിക ആനുകൂല്യത്തിന് ഉത്തരവ് തീയതി മുതൽ മാത്രമായിരിക്കും അർഹതയുണ്ടായിരിക്കുന്നത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അഹമ്മദ് കബീർ. വൈ**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ് :- 1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

2) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം.

3) പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്

4) ഡയറക്ടർ, ആരോഗ്യ വകുപ്പ്

5) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

6) വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

7) ചീഫ് പ്രോജക്ട് മാനേജർ, സ്പാർക് പി.എം.യു

8) നോഡൽ ഓഫീസർ, **www.finance.kerala.gov.in**

9) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി **(E-2658015)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ